**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** | **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി ക്ഷേമ വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗം ഫലപ്രദമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ജനസംഖ്യാനുപാതിക വിഹിതത്തിലും അധികമായ തുക ബജറ്റിൽ നീക്കിവയ്ക്കുകയും അവയുടെ ഫലപ്രദമായ ഫണ്ട് വിനിയോഗം നിരീക്ഷിക്കുകയും ചെയ്ത് വരുന്നുണ്ട്. സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട് . കൂടാതെ, ഡയറക്ടറേറ്റ് തലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പദ്ധതി അവലോകന യോഗങ്ങൾ വിളിച്ച് ചേർക്കുകയും സ്കീം അടിസ്ഥാനത്തിലുള്ള നിർവ്വഹണ പുരോഗതി വിലയിരുത്തുകയും ചെലവ് കുറവായ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്ത് വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന പട്ടികജാതി വികസന ഫണ്ട് വിനിയോഗവും നിർവ്വഹണവും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ പദ്ധതി അവലോകനങ്ങളും മോണിറ്ററിംഗും കാര്യക്ഷമമായി നടന്നു വരുന്നുണ്ട് . പദ്ധതികളുടെ കാര്യക്ഷമവും, സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ നിയമാസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിൽ ആഭ്യന്തര ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠനസംഘം ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ടി വിഷയത്തിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് മുഖേന തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത വകുപ്പിൽ കൃത്യവും സമയബന്ധിതവുമായ ഓഡിറ്റിംഗ് നടപ്പാക്കിക്കൊണ്ട് ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | നിലവിലുള്ള മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തിയും ഓഡിറ്റ് സംവിധാനം രൂപീകരിച്ചും ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ